# കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് കാര്യാലയം

കിഴക്കോത്ത് പി.ഒ, കോഴിക്കോട് 673572
Email: *secretarykizhakkoth@gmail.com*, Ph:0495-2210237

SC4-5961/23 08/11/2023

സെക്രട്ടറി
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്.

ബഹു. ജോയിന്റ് ഡയറക്ടർ,
തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ്-കോഴിക്കോട് ജില്ല- കെ-സ്വിഫ്റ്റ് ലൈസൻസ് പരാതി സംബന്ധിച്ച്
സൂചന :1) അങ്ങയുടെ ഓഫീസിലെ LSGD/JD/KKD/4752/2023-E1 നമ്പർ കത്ത്

മേൽ സൂചന യിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം ശ്രീ ആലി.സി.എം. ചാത്തൻ കുഴി മണ്ണിൽ, ഈസ്റ്റ് കിഴക്കോത്ത് ,കിഴക്കോത്ത് പി ഒ എന്നവർ ബഹു. ജോയിന്റ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുകയും, ശ്രീ അബൂബക്കർ ഹാജി, താന്നിക്കൽഹൗസ്, ഈസ്റ്റ്കിഴക്കോത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളായ 1) ടീടോക്ക് കൂൾബാർ ആൻഡ് ടീ ഷോപ്പ് 2) കോൺഫൂദ വാഹന സർവീസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങൾക്ക് നിലവിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും FTE&OS ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും, മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങൾക്കും ബഹു.കേരള സംസ്ഥാന നിയമസഭയുടെ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം-വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്-16ഉം, കേരള എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ റൂൾസ് -2020ഉം പ്രകാരം വ്യവസായ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസ് മുഖാന്തരം KLMSME-949/2022 നമ്പറായി 07/02/2025 വരെ കാലാവധിയുള്ള കൈപ്പറ്റ് സാക്ഷ്യപത്രം ടീ ടോക്ക് കൂൾ ബാർ & ടീ ഷോപ്പ് എന്ന സ്ഥാപനത്തിനും KLMSME-2269/2022 നമ്പറായി 05/04/2025 വരെ കാലാവധിയുള്ള കൈപ്പറ്റ് സാക്ഷ്യപത്രം കോൺഫൂദ വാഹന സർവീസ് സ്റ്റേഷൻ എന്ന സ്ഥാപനത്തിനും അനുവദിച്ചിട്ടുണ്ട് എന്നു കാണുന്നു.

1) ടീടോക്ക് കൂൾബാർ ആൻഡ് ടീ ഷോപ്പ് എന്ന സ്ഥാപനം വ്യവസായ വകുപ്പ് വഴി സമ്പാദിച്ച കൈപ്പറ്റ് സാക്ഷ്യപത്രത്തിന് സ്ഥാപന ഉടമ സമർപ്പിച്ചത് 118/9 എന്ന റീസർവ്വേ നമ്പറാണ്. ശ്രീ അബൂബക്കർ ഹാജി താന്നിക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 118/9 റീസർവ്വയിൽപ്പെട്ട ഭൂമിയിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് ശ്രീ അബൂബക്കർ ഹാജി എന്നവർ മേൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളത് ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് ഈ ഓഫീസിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. മേൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാതിയുടെ ഭാഗമായി ബഹു.ചീഫ് ടൗൺ പ്ലാനിങ് ഓഫീസർ തിരുവനന്തപുരം അവർകളുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ആയത് തീർപ്പ് കൽപ്പിക്കുന്ന മുറക്ക് മാത്രമേ കെട്ടിടനമ്പർ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

2) കോൺഫൂദ വാഹന സർവീസ് സ്റ്റേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം നിയമാനുസൃതമായ അനുമതിയില്ലാതെ പണി പൂർത്തീകരിച്ച കെട്ടിടമായതിനാൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ നൽകിയിട്ടില്ല. വ്യവസായ വകുപ്പ് വഴി സമ്പാദിച്ച കൈപ്പറ്റ് സാക്ഷ്യപത്രത്തിന് സ്ഥാപനമുടമ സമർപ്പിച്ചത് 9/410G എന്ന കെട്ടിട നമ്പർ ആണ്. പ്രസ്തുത കെട്ടിട നമ്പർ ശ്രീ അബൂബക്കർ ഹാജി താന്നിക്കൽ എന്നവരുടെ ഉടമസ്ഥതയുള്ള മറ്റൊരു കെട്ടിടം ആണെന്ന് സൈറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതമായ അനുമതിയില്ലാതെ പണി പൂർത്തീകരിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങൾക്കും FTE&OS ലൈസൻസ് എടുക്കാത്തതിനാൽ ഈ ഓഫീസില് നിന്നും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളും വ്യവസായ വകുപ്പ് വഴി സമ്പാദിച്ച കൈപ്പറ്റ് സാക്ഷ്യപത്രം പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനായി ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുമ്പാകെയും ,വ്യവസായ വകുപ്പിനും, ബഹു. ജില്ലാ കളക്ടർക്കും 09-10-2023 തീയ്യതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, കൂടാതെ മേൽ നടപടി വിവരങ്ങൾ കാണിച്ച് പരാതിക്കാരനായ ശ്രീ ആലി സി എം എന്നവർക്ക് മേൽ തീയ്യതിയിൽ ഈ ഓഫീസിൽ നിന്നും കത്ത് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന വിവരം അങ്ങയുടെ അറിവിലേക്കായി ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്.